Kerala Board

Second Term

Question Paper

aglasem.com

A

സമഗ്ര ശിക്ഷാ കേരളം
അർധവാർഷിക മൂല്യനിർണയം 2022-23

മലയാളം

702

ക്ലാസ് - 7 | കേരളപാഠാവലി | സമയം: 2 മണിക്കൂർ

നിർദേശങ്ങൾ

1. താഴെ കൊടുത്തിട്ടുള്ള ആറ് പ്രവർത്തനങ്ങളിൽ നാലെണ്ണത്തെ പ്രവർത്തനത്തിന് തിരഞ്ഞെടുത്തും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

പ്രവർത്തനം 1 വായിക്കാം എഴുതാം

താഴെ കൊടുത്ത ഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ഉത്സവങ്ങളും വരുന്നതിനു മുൻപ് ഏത് ജീവിക്കും അത് തിരിച്ചറിയാനാകും, മനുഷ്യരും. അത്തരത്തിലായിരുന്നു വേനൽക്കാലത്തിന്റെ വരവും. ഞാനത് അനുഭവിച്ചു. മഞ്ഞുകാലത്തിന്റെ മറവിൽ തിരിയുന്ന വേനൽക്കാലം. അപ്പുറം വീടുന്ന കാറ്റിനുപോലും വേനലിന്റെ ഗന്ധമുണ്ടാകും. ഇലകൾ പഴുത്തുതുടങ്ങുന്നതിന്റെതാകാം, മണ്ണ് വരണ്ടുതുടങ്ങുന്നതിന്റെതാകാം, എവിടെയോ വരണ്ട മണ്ണുരുകളിൽ ജലം വാർന്നതിന്റെതാകാം. ചില കാട്ടുവൃക്ഷങ്ങളിലും സസ്യങ്ങളിലും താഴെനിന്ന് ഇലകൾ പഴുത്തുതുടങ്ങുമ്പോൾ വേറെ ചിലതിൽ മുകളിൽനിന്ന് ആ പ്രക്രിയ ആരംഭിക്കുകയായി. ചില വിശാലമായ പാറയിൽ കൊച്ചുകൊച്ചു തുരുത്തുകൾപോലെ ഏതാനും പുല്ലുകളും കുഞ്ഞു ചെടികളും കാണാം. പകൽ മുഴുക്കെ ഏൽക്കുന്ന ചൂടും ചുട്ടുപഴുക്കുന്ന പാറയും ആ കൊച്ചു സസ്യക്കൂട്ടങ്ങളുടെ ഓരോ ദിനങ്ങളെയും പൊള്ളിച്ചുകളയും. അവയൊക്കെ ആദ്യമേ ഉണങ്ങിക്കരിഞ്ഞിട്ടുണ്ടാകും. വേനൽമഴയ്ക്ക് മുൻപേ മറ്റൊരു മഴ പെട്ടെന്ന് കാടിനുമേൽ പെയ്തൊഴിയും. പഴുത്തുതിരിക്കുന്ന ഇലകളെയൊക്കെ പൊഴിച്ചുകളയാനാണത്രേ ആ മഴ.

അവലംബം: കാടിനെ ചെന്നു തൊടുമ്പോൾ - എൻ.എ. നസീർ

1) മഞ്ഞുകാലത്തിന്റെ മറവിൽ നിൽക്കുന്നതാരാണ്?
(വേനൽക്കാലം, മഴക്കാലം, ശിശിരകാലം)
2) വേനലിന് ഗന്ധമുണ്ടാകുന്നതിന് ചേരിതാവി പറയുന്ന ഒരു കാരണം?
(വരണ്ട മണ്ണുരുകളിൽ ജലം വാർന്നത്, സുഗന്ധമുള്ള പൂക്കൾ വിരിയുന്നത്, കസ്തൂരിമാനിന്റെ സാന്നിധ്യം ഉള്ളത്)
3) 'തുരുത്തുകൾ പോലെ' എന്ന പ്രയോഗം കൊണ്ട് ചേനയിൽ ഉദ്ദേശിക്കുന്നതെന്ത്?
(നിലനു കാണുന്നു, അവിടവിടെ കാണുന്നു, ഒരിടത്തു മാത്രം കാണുന്നു)
4) 'വേനൽമഴയ്ക്ക് മുമ്പേ മറ്റൊരു മഴ പെയ്യുന്നു'. എന്താണിതുകൊണ്ട് അർഥമാക്കുന്നത്?
(പെരികൾ വളരുന്നത്, പഴുത്ത ഇലകൾ പൊഴിച്ചു കളയുന്നത്, വഴിമുടിയ അരുവികൾ ഒഴുകുന്നത്)
5) സസ്യക്കൂട്ടങ്ങളുടെ ദിനങ്ങളെ പൊള്ളിച്ചു കളയുന്നതെന്താണ്?
(ചുട്ടുപഴുത്ത ഇലയിൽ, തിളക്കുന്ന വെള്ളം, പകൽമുഴുക്കെ ഏൽക്കുന്ന ചൂട്)

പ്രവർത്തനം 2 അഭിമുഖചോദ്യാവലി തയാറാക്കുക

കരുവന്നൂർ വിഷൻ തെയ്യത്തിന്റെ കഥ നമ്മൾ പരിചയപ്പെട്ടല്ലോ. കേരളത്തിലെ ചില പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള മറ്റൊരു കലാരൂപമാണ് തോൽപ്പാവക്കൂത്ത്. രാത്രികാലങ്ങളിൽ മാവിലകൊണ്ടുള്ള തിരികൾ കത്തിച്ചു വെയ്ക്കും. ഈ വിളക്കുകളുടെ മുമ്പിൽ വയ്ക്കുന്ന പാവകളുടെ നിഴൽ, വെള്ളത്ത തിരശ്ശീലയിൽ വീഴുന്നു. രാമായണം കഥയാണ് തോൽപ്പാവക്കൂത്തിന്റെ വിഷയം.

തോൽപ്പാവക്കൂത്ത് കലാകാരൻമാരിൽ ശ്രദ്ധേയനാണ് പത്മശ്രീ രാഘവപുലവർ. സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനത്തിനെത്തിയ അദ്ദേഹവുമായി അഭിമുഖം നടത്തിയാലോ? അഭിമുഖത്തിനായി അഞ്ചി ചോദ്യങ്ങളെങ്കിലും ഉൾപ്പെട്ട ചോദ്യാവലി തയാറാക്കണം.

പ്രവർത്തനം 3 (എ) വെള്ള ഉപന്യാസം തയാറാക്കുക

ലഹരി ഒരു മരുന്നല്ല, രോഗമാണ്.

"ലഹരിരഹിതജീവിതം നിത്യഹരിതജീവിതം"

ആദ്യം തീ പിന്നെ പുക ഒടുവിൽ ചാരം

"ലഹരി മരണക്കെണിയാണ്, അതിൽ വീഴാതിരിക്കുക."

"ജീവിതം ഒരു വിലപ്പെട്ട സമ്മാനമാണ്, അത് മയക്കുമരുന്നിന് വേണ്ടി പാഴാക്കരുത്."

വലിച്ച് പുതുക്കിയതും കുടിച്ച് തീർത്തതുമൊക്കെ നിന്റെ സ്വപ്നങ്ങൾ തന്നെയാടാ.

സ്വന്തം ജീവിതം കാർന്നു തിന്നുന്ന ലഹരി നമുക്ക് വേണ്ട, പിന്തിരിയൂ.... പ്രവർത്തിക്കൂ...

മുകളിൽ കൊടുത്ത വാക്യങ്ങൾ വായിക്കൂ. സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ലഹരി എന്ന മാരകവിപത്തിനെ കുറിച്ച് നിങ്ങൾ മനസ്സിലാക്കിയല്ലോ. 'ലഹരിമുക്ത കേരളം' എന്ന വിഷയത്തിൽ വെള്ള ഉപന്യാസം തയാറാക്കുക.

(ബി) "പത്തരിനൊക്കുമേ ജീവിച്ചിരിക്കിലും" എന്ന വരിയിലൂടെ അർഥമാക്കുന്നതെന്ത്?

(എ) മരിക്കാനായി ജീവിക്കുന്നു.

(ബി) മരിച്ചതുപോലെ ജീവിക്കുന്നു.

(സി) ജീവിച്ചു മരിക്കുന്നു.

പ്രവർത്തനം - 4 (എ) ആമുഖക്കുറിപ്പുതയ്യാറാക്കുക

> നിലാവെളിച്ചത്തിൽ തുടുപ്പാർന്നതായിരിക്കുന്ന നിങ്ങളിതെന്തു തൊന്നും ഉണ്ടാവില്ലെന്നും കൊരിക്കാത്ത ബാല്യത്തുണ്ടാവില്ല. മുതിരുമ്പോൾ സ്വന്തം ചന്ദ്രന്റെ വിശേഷങ്ങളാണ് ഈ ചന്ദ്രനിപ്പുസ്തകത്തിന്റെ അകത്തളുകളിൽ. കൗതുകവും ജിജ്ഞാസയും വളർത്തുന്ന വസ്തുതകൾ മാത്രമായി പെരിയിച്ചതുകയാണ്. ഇവയിൽ കണ്ടതെല്ലാം സാമാന്യമെപ്പുവുമുണ്ട്, പുതിയ ചേനകളുണ്ട്.
>
> അനുഭിപ്പുറത്തെറിയ കുഞ്ഞു മനുഷ്യകളുടെ ചേനകൾ ഈ പുസ്തകത്തിനെ മികവുറ്റതാക്കുന്നു.
>
> ചന്ദ്രനിപ്പുസ്തകത്തിന് ആമുഖക്കുറിപ്പ് - തയാറാക്കിയത് ജിനിൽ വി.

കേരളപ്പിറവിദിനത്തോടനുബന്ധിച്ച് നടൻകഥാപ്രസംഗം എന്ന വിഷയത്തെ ആസ്പദമാക്കി നിങ്ങൾ തയാറാക്കുന്ന പതിപ്പിന് ആമുഖക്കുറിപ്പ് എഴുതൂ. പതിപ്പിൽ നടൻ കലാപ്രസംഗങ്ങളുടെ ചിത്രങ്ങൾ, ഉത്തരം, ഫെതിഹ്യം, വേഷം, വാദ്യോപകരണങ്ങൾ, കലാകാരൻമാരുടെയുള്ള അഭിമുഖം എന്നിവയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയാമല്ലോ.

(ബി) ജിൻ ക്രിസ്റ്റഫർ, മുട്ടി നടന്ന പാട്ടുകൾ ചേർത്ത് തയാറാക്കിയ പുസ്തകത്തിന്റെ പേര്?

(എ) തൊൻ നടിയിലെ മാളങ്ങൾ

(ബി) തൊൻവത്തിന്റെ ആനന്ദം

(സി) ഇടുപ്പതം സ്റ്റുഡന്റിന്റെ ഇതിഹാസം

പ്രവർത്തനം - 5 (എ) കഥാപാത്രനിരൂപണം തയാറാക്കുക



സ്വന്തം മകനെപ്പോലെ മനപ്പനെ സ്നേഹിച്ച അമ്മായിയെ നിങ്ങൾക്കിഷ്ടപ്പെട്ടല്ലോ. മുകളിൽ നൽകിയ സൂചനകളും പാഠഭാഗത്തു നിന്നുള്ള കൂടുതൽ വിവരങ്ങളും ഉൾപ്പെടുത്തി കഥാപാത്ര നിരൂപണം തയാറാക്കൂ.

(ബി) 'മലയുകളിൽ മഞ്ഞു പെയ്തു. മഴ പോയി. വെയിൽ തിളങ്ങി'. എന്താണ് ഇവിടെ അർഥമാക്കുന്നത്?

(എ) മഞ്ഞു പെയ്തപ്പോൾ മഴ പോയി

(ബി) കാലം കടന്നു പോയി

(സി) മലയിലാണ് വെയിൽ തിളങ്ങിയത്

പ്രവർത്തനം - 5 (എ) ആസ്വാദനക്കുറിപ്പ് തയാറാക്കുക

കവിത വായിക്കൂ

മഴച്ചിന്തുകൾ

ഗേഹങ്ങൾക്കിടയിൽ വിങ്ങുകയായിരുന്ന മഴ പൊടുന്നനെ ഉൾനിറഞ്ഞി.
നൻമ നുരകളായി. പിന്നെ ഇര പിടിയാത്ത പരാധി. മണ്ണിന്റെ ദാഹം തീർന്നിട്ടും മഞ്ഞുടെ ഉള്ളു കുളിർത്തിട്ടും മഴ പെയ്തുകൊണ്ടേയിരുന്നു.

ഖനൻ പുരയിടിച്ച തെരുവുകളിൽ പടർന്നു കയറുന്ന പച്ചപ്പ്. മണ്ണിനടിയിൽ തിരഞ്ഞ ഉറക്കം വിട്ടുണരുന്ന വിത്തുകൾ.
കുളിർ, ഉറവ, തീരാവകളുടെ ഘോഷയാത്ര.

നീർപ്പാലുകൾ പതുപതുത്ത പാറകളിൽ തട്ടിച്ചിതറി തുടയ്ക്കി.
പുഴയുടെ മടിത്തട്ടിലെത്തിയത് മഴ അറിഞ്ഞതെയില്ല. തീരത്തെ കവർന്നെടുത്ത് പിന്നെയും പുവടുവയ്ക്കുകയാണ് പുഴ.

അർന്നു വീഴുന്ന പുവുകൾ, അകത്തളങ്ങൾ, ഗതിയറ്റ ജീവൽത്തുടിപ്പുകൾ.
പുഴയ്ക്കു വേണ്ടിച്ചു. പാരെ മഴയ്ക്ക് പെയ്യാതിരിക്കാനാവുന്നില്ലല്ലോ!

മഴച്ചിന്തുകൾ - അജിത പി.

അാറ്റുവെയ്പുകൾ എന്ന കവിതയിലൂടെ ചില മഴച്ചിന്തകൾ പഠിച്ചല്ലോ. മുകളിൽ വായിച്ച കവിയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കൂ.

(ബി) 'മനസ്സ്' എന്ന് അർഥം വരുന്ന പദമേത്?

(എ) ചിത്തം

(ബി) അംഗം

(സി) ഹർഷം

QUESTION PAPERS

GET PREVIOUS YEAR QUESTION PAPERS FOR ALL CLASSES FOR CBSE, ISCSE, ISC AND ALL ALL STATE BOARDS HERE AT AGLASEM.COM

BOARD WISE

- Andhra Pradesh Board Question Papers
- Assam Board Question Papers
- Bihar Board Question Papers
- Chhattisgarh Board Question Papers
- Goa Board Question Papers
- Gujarat Board Question Papers
- Haryana Board Question Papers
- Himachal Pradesh Board Question Papers
- J&K State Board Question Papers
- Jharkhand Board Question Papers
- Karnataka Board Question Papers
- Kerala Board Question Papers
- Madhya Pradesh Board Question Papers
- Maharashtra State Board Question Papers
- Manipur Board Question Papers
- Meghalaya Board Question Papers
- Mizoram Board Question Papers
- Nagaland Board Question Papers
- Orissa Board Question Papers
- Punjab Board Question Papers
- Rajasthan Board Question Papers
- Tamil Nadu Board Question Papers
- Telangana State Board Question Papers
- Tripura Board Question Papers
- Uttarakhand Board Question Papers
- Uttar Pradesh (UP) Board Question Papers
- West Bengal (WB) Board Question Papers